# Department of Catechesis
## Archdiocese of Ernakulam-Angamaly

## Class IV, V, VI

### പൊതുചോദ്യം ഉപന്യാസം

1. ഈശോ എനിക്ക് ആരാകുന്നു. ഒരു പത്രവാർത്ത രൂപത്തിൽ തയ്യാറാക്കുക.
2. നിങ്ങളുടെ വിശ്വാസജീവിതത്തിൽ മാതാപിതാക്കളുടെ പങ്ക് എങ്ങനെ? ഏതെല്ലാം വിധത്തിലാണ് അവർ നിങ്ങളെ സഹായിക്കുന്നത്. അവരോട് നിങ്ങൾ എങ്ങനെ സഹകരിക്കുന്നു. ഒരു ലേഖനം എഴുതുക.
3. ഈശോ ജീവന്റെ ഉറവിടമാണ് എന്ന് നിങ്ങൾ പഠിച്ചല്ലോ. കുഞ്ഞുനാൾ മുതൽ നിങ്ങളറിഞ്ഞ ഈശോ നിങ്ങൾക്ക് ആരാണ് എന്ന് നിങ്ങളുടെ ഒരു കൂട്ടുകാരന്/ കൂട്ടുകാരിക്ക് കത്ത് രൂപത്തിൽ എഴുതുക.
4. മൊബൈൽ ഫോൺ എനിക്ക് നന്മയാണോ തിന്മയാണോ. വ്യക്തമാക്കികൊണ്ട് ഒരു ലേഖനം എഴുതുക.
5. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ യാത്രയിലെ സംഭവങ്ങളും അപ്പം മുറിക്കലും നിങ്ങളുടേതായ ഭാഷയിൽ എഴുതുക. ഈശോയുടെകൂടെ നടക്കാനും കേൾക്കാനും സംസാരിക്കാനും കണ്ടുമുട്ടുവാനും അനുഭവിക്കാനും വി. കുർബാന അർപ്പണത്തിലൂടെ നിങ്ങൾക്കും കഴിയുന്നുണ്ടോ എന്ന് എമ്മാവൂസ് അനുഭവത്തെ ആസ്പദമാക്കി ഒരു സന്ദേശം തയ്യാറാക്കുക.
6. ഈശോയുടെ കൂടെ നടന്ന ശിഷ്യന്മാർ ഈശോയെ നേരിട്ട് അനുഭവിച്ചവരാണല്ലോ. നമുക്കും ഈശോയെ അനുഭവിച്ചറിയാൻ സഹായിക്കുന്ന മാർഗ്ഗങ്ങളാണ് കൂദാശകളും വി. കുർബാനയും പ്രാർത്ഥനകളും മറ്റും. ഈശോ അനുഭവത്തിൽ ശക്തിപ്പെടാൻ ഇവയെല്ലാം നിങ്ങളെ സഹായിക്കുന്നുണ്ടോ. ഈശോ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ നിങ്ങൾക്ക് ഏതെല്ലാം വിധത്തിൽ സാധിക്കും. ഒരു ലേഖനം തയ്യാറാക്കുക.
7. ഇടവകയിലെ തിരുനാളാഘോഷങ്ങളിൽ പങ്കെടുക്കുന്നവരാണല്ലോ നിങ്ങൾ. ഈ തിരുനാളുകൾ നിങ്ങൾക്ക് ഈശോ അനുഭവം നൽകുന്നുണ്ടോ? തിരുനാളാഘോഷങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ, കാഴ്ചപ്പാടുകൾ, വിലയിരുത്തലുകൾ, നിർദേശങ്ങൾ വികാരിയച്ചന് ഒരു കത്ത് രൂപത്തിൽ എഴുതുക.
8. വി. കുർബാനയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു പ്രാർത്ഥനയെ ആസ്പദമാക്കി ഒരു സന്ദേശം നിങ്ങൾക്ക് കുടുംബകൂട്ടായ്മയിൽ അവതരിപ്പിക്കാൻ പറ്റുന്ന രീതിയിൽ തയ്യാറാക്കുക.